**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3501** **15-02-2024 - ൽ മറുപടിയ്ക്ക്**

**പട്ടയം ലഭിയ്ക്കുന്നതിനായിട്ടുള്ള അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ നാളിതുവരെ ഗുരുവായൂർ മണ്ഡലത്തിൽ പട്ടയം ലഭിയ്ക്കുന്നതിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; പഞ്ചായത്ത്, നഗരസഭ തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ; | (എ) | 2016 മുതൽ നാളിതുവരെ ഗുരുവായൂർ മണ്ഡലത്തിൽ 294 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.<br><br>(നഗരസഭ – 6, ഗ്രാമപഞ്ചായത്ത് -288) |
| (ബി) | തീർപ്പാക്കിയ അപേക്ഷകൾ, അവശേഷിക്കുന്ന അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ എന്നിവ വിശദമാക്കാമോ; | (ബി) | 148 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകൾ പുന്നയൂർ വില്ലേജ് സർവ്വേ 35/1, 47/1 ഉൾപ്പെട്ട ഭൂമിയിൽ താമസിച്ച് വരുന്നവരുടേതാണ്. പ്രസ്തുത ഭൂമി CRZ പരിധിയിൽ ഉൾപ്പെട്ടതാണോ എന്ന് പരിശോധിക്കുന്നതിനും, അപേക്ഷകരുടെ ഭൂമി സർവ്വെ ചെയ്യുന്നതിനും സർവ്വേയർമാരെ നിയോഗിച്ചിട്ടുള്ളതും നടപടി സ്വീകരിച്ച് വരുന്നതുമാണ്. |
| (സി) | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും പുനർനിക്ഷിപ്തം ചെയ്തു കിട്ടേണ്ടതായ അപേക്ഷകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (സി) | തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും പുനർനിക്ഷിപ്തം ചെയ്ത് കിട്ടേണ്ടതായ അപേക്ഷകൾ ഒന്നും തന്നെ ഇല്ല. |

സെക്ഷൻ ഓഫീസർ